


# പെൺകുട്ടി

നേരം വെളുത്തു. കിഴക്കേ മലക്കപ്പുറത്തു നിന്നും സൂര്യൻ ഒളിഞ്ഞു നോക്കി. അവൾ കണ്ണുതിരുമ്മിക്കൊണ്ട് കിടക്ക വിട്ടെഴുന്നേറ്റു. മുഖം കഴുകി പുഴക്കരയിലേക്ക് പോകാൻ തുടങ്ങിയപ്പോൾ പിറകിൽ നിന്നും അമ്മ വിളിച്ചു:

''രാവിലെത്തന്നെ എങ്ങോട്ടാ?'' ശകാരരൂപത്തിലുള്ള ഈ ചോദ്യം ഇവിടെ പതിവാണ്. ''ഞാൻ പുഴക്കരയിലോട്ടാ.'' അവൾ പറഞ്ഞു. അമ്മ ഒന്നും മിണ്ടിയില്ല. അവൾ പുഴക്കരയിലേക്കോടി. അച്ഛൻ ഇന്ന് പട്ടണത്തിൽ പോയിട്ടുണ്ട്. അവളുടെ കല്യാണക്കാര്യം അന്വേഷിക്കാൻ പോയതാണ്. എന്നാൽ അവൾക്ക് ഈ നാട് വിട്ടുപോകാൻ താൽപര്യമില്ല. അവൾക്ക് നല്ല കല്യാണാലോചനകൾ വരാഞ്ഞിട്ടല്ല. അവൾ സമ്മതിക്കാത്തതുകൊണ്ടാണ്.

തണുത്ത വെള്ളത്തിൽ മുഖം കഴുകി തിരികെ വീട്ടിലേക്ക് നടന്നു. പതിവുപോലെ അമ്മയിൽ നിന്നും വഴക്കുകേട്ടു: ''മതി കളിച്ചു നടന്നത്, പെൺകുട്ടിയാണെന്ന് ഓർമ്മവേണം.'' അങ്ങനെ നീളുന്നു ശകാരങ്ങൾ. സമയം നീങ്ങിക്കൊണ്ടിരുന്നു. ''അവൾ പെൺകുട്ടിയാണെന്നു വെച്ച് എന്തിന് അവളെയിങ്ങനെ ശകാരിക്കുന്നു...'' അമ്മൂമ്മയാണ്. അമ്മൂമ്മ എന്നും അവളുടെ കൂടെ നിൽക്കും.

കാലങ്ങൾ കഴിഞ്ഞുപോയി. ഇന്ന് അമ്മ എന്നെ ശകാരിച്ചില്ല. വെള്ളത്തുണി പുതപ്പിച്ച അമ്മയുടെ അരികിൽ അവളിരുന്നു. ശകാരവും കൊതിച്ചുകൊണ്ട്.....

**സഹല യാസ്മിൻ,** ക്ലാസ് 7
ജി.എച്ച്.എസ്.എസ്, തൊടുപുഴ



# കുട്ടിയുടെ വിലാപം

**വീടിന്റെ** മുറ്റത്തൊരു തുള്ളി മഴവെള്ളം
വന്നുവീണാലെന്ത് സന്തോഷമായേനേ...
മഴയെവിടെ അതിന് മരമെവിടെ അതിന് മലയെ
- വിടെ അതിന് അരുവിയെവിടെ...
എന്തിനീ അരുവികൾ പ്ലാസ്റ്റിക് വർഗങ്ങൾ ഇട്ട്
നശിപ്പിച്ചൊഴുക്ക് പോക്കാനോ..
മലകൾ നികത്തീ അത്രത്തോളമുയരത്തിൽ
ഫ്ളാറ്റുകൾ നിർമിച്ചു കൂടൊരുക്കി...
മുറിച്ചുമരങ്ങളാഡംബര ഫർണിച്ചർ
ഉരുപ്പടികൾക്കായി നമ്മളിന്നും..
എന്തിനീ മഴവെള്ളം സിമന്റുകട്ടകളാൽ
ഭൂമി കുടിക്കാതെ കടലിലേക്കോ...!
പാടത്ത് നിന്നൊരു പട്ടം പറത്തുവാൻ
വയലെവിടെ തളിർ കതിരെവിടെ...
എന്തിനീ വയലുകൾ മലകൾ നികത്തിയ
മണ്ണുകളിട്ട് മൂടുവാനോ...
വീടിന്റെ മുറ്റത്തൊരു തുള്ളി മഴവെള്ളം
വന്ന് വീണാലെന്തുസന്തോഷമായേനേ...!

**മിൻഹ ശരീഫ് പി കെ,** ക്ലാസ് 6
എ.എം.യു.പി സ്കൂൾ, ഇയ്യാട്

# ഹൃദ്യമായ കഥകൾ




മനോഹരമായ രണ്ടു കഥകളുണ്ട് ഈ ലക്കത്തിൽ. ആദ്യത്തെ കഥ വിവാഹം കഴിഞ്ഞ് നാടുവിട്ട് ഭർത്തൃഗൃഹത്തിലേക്ക് പോകാൻ ഇഷ്ടപ്പെടാത്ത ഒരു പെൺകുട്ടിയുടെ ഹൃദയഹാരിയായ ആത്മഗതമാണ്. രണ്ടാമത്തെ കഥയാകട്ടെ ഒരു പൂമ്പാറ്റയുടെ ജീവിതത്തിലേക്കുള്ള കഥാകൃത്തിന്റെ നോട്ടവും. രണ്ടു കഥകളും നന്ന്. എഴുതികൊണ്ടിരിക്കുന്ന കഥകളും കവിതകളുമെല്ലാം കൂട്ടുകാർ തന്നെ വീണ്ടും വീണ്ടും തിരുത്തിയും കൂട്ടിച്ചേർത്തും കൂടുതൽ മനോഹരമാക്കാൻ ശ്രമിക്കുമല്ലോ. ഈ ലക്കത്തിലെ കവിത ഉഗ്രൻ.

സസ്നേഹം
**മാഷ്**

## പൂമ്പാറ്റയുടെ ബുദ്ധി

പൂമലക്കാട്ടിലെ പൂന്തോട്ടത്തിലാണ് ടിട്ടു പൂമ്പാറ്റയുടെ ജീവിതം. ഒരിക്കൽ ടിട്ടു പൂമ്പാറ്റ വിശന്ന് അവശനായി കിടക്കുകയായിരുന്നു. അപ്പോൾ അതാ ഒരു പൂവ് തന്നെ നോക്കി നൃത്തംചെയ്യുന്നു. ചെന്നു നോക്കുമ്പോൾ അതൊരു പ്ലാസ്റ്റിക് പൂവായിരുന്നു. അവൻ മരച്ചുവട്ടിൽ ചാരിയിരുന്ന് വിശ്രമിക്കാൻ തുടങ്ങി. വിശ്രമിച്ചിരുന്ന് അങ്ങനെ അവൻ ഉറങ്ങിപ്പോയി. പെട്ടെന്നൊരു ശബ്ദം കേട്ടു. ചക്കി പല്ലിയായിരുന്നു അത്. ടിട്ടുവിന്റെ ദേഹത്തേക്ക് അവൻ ഒറ്റച്ചാട്ടം. ഭാഗ്യം! ചക്കി പല്ലി ചെന്നു വീണത് ടിട്ടുവിന്റെ ദേഹത്തായിരുന്നില്ല, ഒരു പാറക്കല്ലിന്റെ മീതെയായിരുന്നു. ചക്കി പല്ലിക്ക് നല്ലവണ്ണം വേദനിച്ചു. ഇനി അശ്രദ്ധനായി പരിസരം നോക്കാതെ സഞ്ചരിക്കില്ലെന്ന് ടിട്ടു പൂമ്പാറ്റ തീരുമാനിച്ചു.

**ഹിദ ബിൻത് അസീസ്,** ക്ലാസ് 9
ജി.വി.എച്ച്.എസ്.എസ് മേപ്പയ്യൂർ



**ഫാത്തിമ ജന്ന,** ക്ലാസ് 3
കെപീസ് ഇന്റർനാഷണൽ സ്കൂൾ, വയനാട്



**മുഹമ്മദ് അൻസിഫ്,** ക്ലാസ് 5
ഐ.എസ്.എസ് എച്ച്.എസ്.എസ്, പൊന്നാനി